സംസ്ഥാനത്ത് ലഭ്യമാക്കുവാനും ലക്ഷ്യമിട്ട് സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. സെയ്ഫ് ടു ഈറ്റ് എന്ന പദ്ധതി പ്രകാരം പഴം, പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിൽ പരിശോധിച്ച് ആവശ്യമായ മുൻകരുതലുകൾ കർഷകർക്കും ഉപഭോക്താക്കൾക്കും കച്ചവടക്കാർക്കും നൽകി വരുന്നുണ്ട്.

**ഇടുക്കി പാക്കേജ് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുക**

256 (1696) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പാക്കേജ് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള ആകെ തുക എത്ര ;

(ബി) അനുവദിച്ച തുകയിൽ എന്ത് തുക ചെലവഴിച്ചു ;

(സി) ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇടുക്കി പാക്കേജിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ; പദ്ധതിയുടെ കാലാവധി തീരുന്നതിന് മുമ്പ് ലഭിച്ച തുക ചെലവഴിക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 764.42 കോടി രൂപ.

(ബി) 215.87 കോടി രൂപ.

(സി) അനുബന്ധത്തിൽ കാണാവുന്നതാണ്.*

(ഡി) ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ബഹു. മുഖ്യമന്ത്രി ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ 16-10-2014-ൽ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർപദ്ധതികളിൽ ഉൾക്കൊള്ളിച്ചു പൂർത്തിയാക്കാവുന്നതാണെന്ന് ബഹു. കേന്ദ്ര കൃഷി മന്ത്രി ബഹു. മുഖ്യമന്ത്രിക്ക് 13-11-2014-ൽ അയച്ച കത്തിൽ അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly